**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 165 05.12.2018 - ൽ മറുപടിയ്ക്ക്

## കുട്ടികളുടെ രോഗ ചികിത്സയ്ക്ക് സഹായം

ചോദ്യം

ശ്രീ.പി.ജെ.ജോസഫ്
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കുട്ടികളുടെ രോഗ ചികിത്സയ്ക്ക് വേണ്ടി സർക്കാർ ധനസഹായം നൽകുന്നുണ്ടോ; | (എ) | ഉണ്ട്. കുട്ടികളുടെ രോഗ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കമോ; | (ബി) | കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, അവകാശങ്ങൾ എന്നിവ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ ശിശുവികസന വകുപ്പ് സംയോജിത ശിശുസംരക്ഷണ പദ്ധതി മുഖേന കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയായ ബാലനിധിയിൽ നിന്നും കുട്ടികളുടെ ചികിത്സാ ചെലവുകൾക്കും ധനസഹായം നൽകാറുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി കുട്ടികളുടെ ചികിത്സാ സഹായത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം |

| | | | |
|---|---|---|---|
| | | | അനുബന്ധം I ആയി ചേർക്കുന്നു ആരോഗ്യ വകുപ്പിലെ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ' പദ്ധതി മുഖേന സർക്കാരിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മൂന്ന് ലക്ഷത്തിന് താഴെ വരുമാന പരിധി ഉള്ള രോഗികളായ കുട്ടികൾക്കും മുതിർന്നവർക്കും ധനസഹായം അനുവദിച്ച് വരുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചികിത്സാ സഹായ പദ്ധതി സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു.. |
| (സി) | സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ഈ സഹായം നൽകുന്നുണ്ടോ; | (സി) യും (ഡി) യും | ക്യാൻസർ സുരക്ഷ, താലോലം, മിഠായി എന്നീ പദ്ധതികളിലൂടെയുള്ള ചികിത്സ സ്വകാര്യ ആശുപത്രികളിലൂടെ നൽകുന്നില്ല. ശ്രുതിതരംഗം, ധ്വനി എന്നീ പദ്ധതികളുടെ ആനുകൂല്യം സ്വകാര്യ ആശുപത്രികളിലൂടെയും ലഭ്യമാണ്.. സ്വകാര്യ ആശുപത്രികളിൽ ഇതിനു വേണ്ടി വരുന്ന സർജന്റെ ഫീസ് ഗുണഭോക്താവ് വഹിക്കേണ്ടതാണ്. ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ജീവൻ രക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം തികച്ചും സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ജീവൻ രക്ഷാ പ്രാധാന്യമുള്ള ചികിത്സകൾക്ക് വേണ്ടിയുള്ള ചികിത്സാ സഹായം സർക്കാർ ഉത്തരവ് പ്രകാരം മാത്രം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് നൽകുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കും ഈ സഹായം നല്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം) പദ്ധതിയുടെ ഗുണഫലം ലഭ്യമല്ല. ജന്മനാലുള്ള ഹൃദ്രോഗ ചികിത്സ ഹൃദ്യം പദ്ധതി വഴി ലഭ്യമാക്കുന്നു. "ഹൃദ്യം" പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ എം.പാനൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം. I

1) **<u>ക്യാൻസർ സുരക്ഷ പദ്ധതി</u>** :- സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ ക്യാൻസർ ബാധിതരായ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി.

2) **<u>താലോലം പദ്ധതി</u>** :- സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ മാരക രോഗബാധിതരായ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി.

3) **<u>ശ്രുതി തരംഗം പദ്ധതി</u>**:- സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ 5 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും തുടർന്ന് രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനും നൽകി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുന്ന പദ്ധതി.

4) **<u>ധ്വനി പദ്ധതി</u>** :- ശ്രുതി തരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുന്ന പദ്ധതി.

5) **<u>മിഠായി പദ്ധതി</u>** :- കേരളത്തിൽ സ്ഥിര താമസമാക്കിയിട്ടുള്ളതും 18 വയസ്സിനു താഴെ പ്രായമുള്ളവരും 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള കുടുംബങ്ങളിലെ ജുവനൈൽ ഡയബറ്റിക് ബാധിച്ച കുട്ടികൾക്കാണ് മിഠായി പദ്ധതിയിൻ കീഴിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നത്. ഇത്തരത്തിലുള്ള കുട്ടികൾക്ക് www.mittayi.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്ട്രേഷൻ നടത്തുന്നതിന് കഴിയുന്നതാണ്.

6) **<u>വി-കെയർ പദ്ധതി</u>** :- സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്ത അതീവ ഗുരുതരരോഗം ബാധിച്ച കുട്ടികളെ സഹായിക്കുന്നതിന് വി-കെയർ എന്ന നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം. II

### 1) **ആരോഗ്യ കിരണം.**

ജനനം മുതൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് ജീവൻ രക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം തികച്ചും സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. ഇതൊരു ധനസഹായ പദ്ധതിയല്ല. പകരം ഒരു ചികിത്സാ സഹായ പദ്ധതിയാണ്.

### 2) **ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാല സ്വസ്ഥ്യ കാര്യക്രം)**

ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടേയും 30 അസുഖങ്ങൾക്കുമുള്ള ചികിത്സാ സഹായം 'രാഷ്ട്രീയ ബാല സ്വസ്ഥ്യ കാര്യക്രം' (ആർ.ബി.എസ്.കെ.) എന്ന പദ്ധതി മുഖേന നാഷണൽ ഹെൽത്ത് മിഷൻ വഴി തീർത്തും സൗജന്യമാക്കിയിരിക്കുന്നു. പ്രസ്തുത പദ്ധതി ഒരു ധനസഹായ പദ്ധതി അല്ല. ചികിത്സാ സഹായ പദ്ധതിയാണ്.

### 3) **ഹൃദ്യം**

കുട്ടികളിലെ ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സ ഹൃദ്യം പദ്ധതി വഴി ലഭ്യമാണ്.

സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ഇത്തരം കുട്ടികൾക്ക് ഹൃദ്യം എന്ന സോഫ്റ്റ് വെയർ രജിസ്റ്റർ ചെയ്ത ശേഷം വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

ഹൃദ്യം പദ്ധതിയിൽ എംപാനൽ ചെയ്ത സ്ഥാപനങ്ങൾ

1. ശ്രീ. ചിത്ര ആശുപത്രി, തിരുവനന്തപുരം.
2. അമൃത ആശുപത്രി, കൊച്ചി.
3. ആസ്റ്റർ ആശുപത്രി, കൊച്ചി.
4. ലിസി ആശുപത്രി, എറണാകുളം.
5. ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല.
6. മിംസ് ആശുപത്രി, കോഴിക്കോട്.

സെക്ഷൻ ഓഫീസർ